LIBRARY ARCHIVES Kerala Legislative Assembly

നെല്ലിക്കുഴി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ വാടക

171 (3603) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ 2016-ൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നാളിതുവരെയായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്താണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിനായി ലഭ്യമാക്കിയത് മൂന്ന് വർഷത്തെ കരാറിലായിരുന്നുവെന്നതും പ്രസ്തുത കരാർ കാലാവധി 2019 നവംബർ മാസത്തോടെ അവസാനിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കെ.എസ്.ഇ.ബി. വഹിക്കണമെന്ന് ആവശ്യപ്പെട്ട് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ;

(ഡി) പഞ്ചായത്തുമായുള്ള വാടക കരാർ അവസാനിച്ച സാഹചര്യത്തിൽ അൻപതിനായിരത്തിലധികം ജനസംഖ്യയുള്ള, വിശാലമായ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിക്കേണ്ടിവരുന്നതിനാൽ വാടക നൽകിപോകുവാനുള്ള പ്രയാസം ചൂണ്ടിക്കാണിച്ച് പഞ്ചായത്ത് ഭരണ സമിതി നൽകിയിട്ടുള്ള നിവേദനത്തിൽ അനുകൂല നിലപാട് സ്വീകരിച്ച് സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കെ.എസ്.ഇ.ബി. ലിമിറ്റഡ് വഹിക്കുന്ന കാര്യം പരിഗണിക്കുമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ ഒപ്പിട്ടിരിക്കുന്നത് നെല്ലിക്കുഴി ഗ്രാമപഞ്ചായത്തും കെട്ടിട ഉടമയുമായിട്ടാണ്. വാടകരഹിത കെട്ടിടം ലഭ്യമാക്കുമെന്ന പഞ്ചായത്തിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് നെല്ലിക്കുഴിയിൽ സെക്ഷൻ ഓഫീസ് പ്രവർത്തനമാരംഭിച്ചത്.